അങ്കമാലി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

37 (4320) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രിയെ 7-2-2011 ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും നാളിതുവരെ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) നഗരമദ്ധ്യത്തിൽ ഒരേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായ ഈ സർക്കാർ ആശുപത്രിയിൽ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫുകളെ നിയമിക്കുന്നതിനും, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കമാലി സർക്കാർ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാർമസി സ്റ്റോർ റൂം, ഒ.പി. ബ്ലോക്ക് എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കുന്നതിന് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

പെരുമൺ പി.എച്ച്.സി. യെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി

38 (4321) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ തീവണ്ടി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്കും തദ്ദേശവാസികളുടെയും രക്ഷാപ്രവർത്തനങ്ങളുടെയും സ്മരണ നിലനിർത്തുന്നതിനുമായി ആരംഭിച്ച പി.എച്ച്.സി.യിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോൺ ചെയ്താൽ വീട്ടിലെത്തി ചികിത്സിക്കുന്ന കൃപൻ മാതൃകയിൽ ആരംഭിച്ച ചികിത്സാരീതി ഇപ്പോൾ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പെരുമൺ പി.എച്ച്.സി.യെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല

(സി) കൃത്യമായ മാതൃകയിലുള്ള ചികിത്സാരീതി നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലില്ല.

(ഡി) പ്രസ്തുത പി.എച്ച്.സി.-ക്ക് സമീപം തൃക്കടവൂർ സി.എച്ച്.സി. നിലവിലുള്ള സാഹചര്യത്തിൽ മേൽ ആവശ്യം പരിഗണനാർഹമല്ല.

പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ

39 (4322) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ ഒഴിവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്നീഷ്യൻ ഇല്ലാത്തതുമൂലം ബ്ലഡ് സ്റ്റോറേജ് സെന്ററിന്റെ പ്രവർത്തനം അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ എക്സ്റേ ടെക്നീഷ്യൻ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ എന്നിവരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്.

(ഡി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ നിർദ്ദേശിക്കുന്നതിനനുസരിച്ച് ഈ ഒഴിവുകൾ ഉടനടി നികത്തുന്നതാണ്. ഇതുകൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly